ആബിദ് കോലിക്കര

ധർപ്പൻ ഇനാനിയുടെ ലോകം

കൂട്ടുകാർ ധർപ്പൻ ഇനാനിയെ കുറിച്ച് കേട്ടിട്ടുണ്ടോ.. അവനൊരു അസുഖം വന്ന് കാഴ്ച മുഴുവൻ നഷ്ടമാവുകയായിരുന്നു. എന്നിട്ടും ഗുജറാത്തിലെ സാദാ സ്കൂളിൽ അവൻ പഠിച്ചു. ആ സ്കൂളിലെ ഒരേയൊരു അന്ധ വിദ്യാർത്ഥി അവനായിരുന്നു. 90 ശതമാനം മാർക്ക് വാങ്ങിയാണ് അവൻ സ്കൂളിൽ വിജയിച്ചത്.

പ്ലസ്ടുവിന് 99 ശതമാനം മാർക്ക് നേടി. ആദ്യ ശ്രമത്തിൽ തന്നെ സി.എ നേടി. ബി.കോമും പഠിച്ചെടുത്തു. ഐ.ഐ.എമ്മിലും അഡ്മിഷൻ ലഭിച്ചു. എന്നാൽ സി.എക്കും ചെസ് കരിയറിനും വേണ്ടി അത് വേണ്ടെന്ന് വെച്ചു.

കണ്ണ് കാണാത്ത ആൾ ചെസ് കളിക്കുകയോ എന്ന് കൂട്ടുകാർ വിസ്മയിക്കുന്നുണ്ടാകും അല്ലേ. അന്താരാഷ്ട്ര ചെസ് മൽസരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കുന്ന ആദ്യ ബ്ലൈൻഡായ ഇന്ത്യക്കാരനാണ് ധർപ്പൻ ഇനാനി. 2018-ൽ ഫ്രാൻസിൽ വെച്ചായിരുന്നു മൽസരം. യുവരത്ന അവാർഡും അവനെ തേടിയെത്തി.

ഒരു പ്രത്യേക തരം ചെസ്സ്ബോർഡ് അവനു വേണ്ടി നിർമിക്കുകയായിരുന്നു അവന്റെ രക്ഷിതാക്കൾ. അങ്ങനെയാണ് ധർപ്പൻ ചെസ് കളി പരിശീലിക്കുന്നത്.

ചെസ്സിനോടൊപ്പം തന്നെ ഒരുപാട് കഴിവുകളുണ്ട് ഇനാനിക്ക്. അവൻ തബലയും ഹാർമോണിയവും വായിക്കും. കരാട്ടെയിൽ യെല്ലോ ബെൽറ്റും ഉണ്ട്.

ധർപ്പൻ ഇനാനിയുടെ കഥയെ ആസ്പദമാക്കി ഒരുപാട് അവാർഡുകൾ നേടിയ 'അൽഗോരിതം' എന്ന ഷോർട്ട് ഫിലിമും ഇറങ്ങിയിട്ടുണ്ട്.

ഗാന്ധിജിയെ ഏറ്റവുമധികം സ്വാധീനിച്ച പുസ്തകം- ജോൺ റസ്കിന്റെ 'അൺ ടു ദിസ്‌ലാസ്റ്റ്'